നേരിട്ട് പോയി മീറ്ററിൽ നിന്നും റീഡിംഗ് എടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടുമാസത്തിൽ ഒരിക്കലോ റീഡിംഗ് എടുക്കുന്ന ഉപഭോക്താക്കളുടെ ബിൽ തുക വൈദ്യുതി ഉപഭോഗത്തിനുശേഷം ഏകദേശം മൂന്ന് മാസത്തിനുള്ളിലാണ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കുന്നത്. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി കെ.എസ്.ഇ.ബി.എൽ.-ന് ഭാവിയിൽ ഭീമമായ കുടിശ്ശിക കുമിഞ്ഞുകൂടുന്നത് ഒഴിവാക്കാൻ സാധിക്കും. കൂടാതെ വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്.

### ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി

251 (636) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (3x8 MW) നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തിരുന്നത് ശ്രീശരവണ എഞ്ചിനീയറിംഗ് ഭവാനി - ഹ്യുനാൻ ഷയാങ്ങ് കൺസോർഷ്യം ആണ്. ചീഫ് എഞ്ചിനീയർ 18-8-2015-ന് ഒപ്പുവച്ച ഇലക്ട്രോ മെക്കാനിക്കൽ എഗ്രിമെന്റിന്റെ കോൺട്രാക്ട് തുക 81,80,01,000 രൂപ ആണ്, എഗ്രിമെന്റ് പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ കാലാവധി 18 മാസമാണ്. ഈ കാലാവധി 03-8-2016-ന് അവസാനിച്ചു. പല സാങ്കേതിക കാരണങ്ങളാലും ഈ എഗ്രിമെന്റിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ആദ്യം 22-9-2017 വരെയും പിന്നീട് 31.12.2018 വരെയും കാലാവധി നീട്ടി നൽകി. അതിനു ശേഷം കേരളത്തിലുണ്ടായ അതിതീവ്രമായ വെള്ളപ്പൊക്കം കാരണം കാലാവധി 31-3-2020 വരെ നീട്ടി നൽകി. തുടർന്ന് പുതുക്കിയ ഷെഡ്യൂൾ കോൺട്രാക്ടർ തരികയും എഗ്രിമെന്റ് കാലാവധി 31-8-2021 വരെ പിഴയോടുകൂടി നീട്ടി നൽകുകയും ചെയ്തു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കാനായി മൂന്നാമത്തെ foreign consignment-ന്റെ ടെസ്റ്റിംഗ് ഡിസംബർ 7, 9, 10 തീയതികളിൽ ചൈനയിലുള്ള ഹ്യുനാൻ ഷയോണിന്റെ ഫാക്ടറിയിൽ നടത്തുകയും ഈ ടെസ്റ്റിംഗ് KSEBL എഞ്ചിനീയർമാർ വീഡിയോ കോൺഫറൻസ് വഴി സാക്ഷ്യം വഹിക്കുകയും ചെയ്തു. മൂന്നാമത്തെ consignment ചൈനയിൽ നിന്ന് അയയ്ക്കുവാനുള്ള അനുവാദം 8-1-2021-ന് KSEBL നൽകി. 8-1-2021-ന് material dispatch clearance നൽകിയിട്ടുപോലും, മൂന്നാമത്തെ consignment ചൈനയിൽനിന്നും അയയ്ക്കുവാനുള്ള നടപടി കരാറുകാരനായ M/s. SSEB തുടങ്ങിയിട്ടില്ല. എന്നാൽ കോൺട്രാക്ട് കാലാവധിക്കുശേഷമുള്ള അധിക തുക (price escalation) നേടിയെടുക്കാൻ വേണ്ടി M/s. SSEB ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ Writ Petition (Civil

LIBRARY ARCHIVES Kerala Legislative Assembly

No.10747/2021) ഏപ്രിൽ 2021-ന് ഫയൽ ചെയ്തു. ആയതിനാൽ കോൺട്രാക്റ്ററുമായി negotiation നടത്തി അഡ്വാൻസ് നൽകുകയാണെങ്കിൽ ഒരു മെഷീൻ പൂർണ്ണമായി import ചെയ്ത് കമ്മീഷൻ ചെയ്തുതരാനുള്ള സമ്മതം 14-8-2021-ലെ കത്തിലൂടെ കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്. 4 കോടി രൂപ കോൺട്രാക്ടർക്ക് നൽകുന്നതിനുവേണ്ടിയുള്ള നിയമ പരിശോധനയും സാമ്പത്തിക പരിശോധനയും പൂർത്തിയായിട്ടുണ്ട്.

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കോൺട്രാക്ട് തുക ആകെ 189.84 കോടി രൂപ. (സിവിൽ - 108.04 കോടി രൂപ, ഇലക്ട്രോ-മെക്കാനിക്കൽ - 81.8 കോടി രൂപ) ഈ പദ്ധതിയിൽ നിന്ന് 24 MW വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു (3x8 MW).

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും ഇവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പെൻസ്റ്റോക്ക് സ്ഥാപിക്കൽ, ടണൽ സ്ഥാപിക്കൽ, ഇൻടേക്ക് ഗേറ്റ് സ്ഥാപിക്കൽ, പവർ ഹൗസ് നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം തുടങ്ങിയ പണികളാണ് സിവിൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. കൺട്രോൾ റൂം, സ്വിച്ച്യാർഡ്, EOT ക്രെയിൻ, ട്രാൻസ്ഫോർമർ, എർത്ത്മാറ്റ് ഡിസൈൻ & സ്ഥാപിക്കൽ തുടങ്ങിയ പണികളാണ് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. ടർബൈൻ, ജനറേറ്റർ, ഗവർണർ ഡിസൈനും സ്ഥാപിക്കലും തുടങ്ങിയ പണികളാണ് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. സിവിൽ വർക്ക് 98.75% പണികൾ പൂർത്തീകരിച്ചു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ മൂന്നാമത്തെ കൺസൈൻമെന്റ് (റണ്ണർ, സ്റ്റേറ്റർ, റോട്ടാർ) import ചെയ്യാനുണ്ട്. 86.61% ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സിവിൽ വർക്ക് 98.75% പണികൾ പൂർത്തീകരിച്ചു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ മൂന്നാമത്തെ കൺസൈൻമെന്റ് (റണ്ണർ, സ്റ്റേറ്റർ, റോട്ടാർ) import ചെയ്യാനുണ്ട്. 86.61% ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

31-5-2022-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly